# Deepika

## 27 August 2018

## Kochi; After Flood, Restoration



### ദുരിതാശ്വാസ നിധിയിലേക്കു പത്തു ലക്ഷം നൽകി

**കൊച്ചി:** പ്രളയദുരിതബാധിതരെ സഹായിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് എംബിആർ ട്രസ്റ്റ് പത്ത് ലക്ഷം രൂപ നൽകിയതായി എറണാകുളം സ്പെഷലിസ്റ്റ് ആശുപത്രി ഡയറക്ടർ ഡോ. കെ.ആർ. രാജപ്പൻ അറിയിച്ചു.

### റബർമാർക്ക് അഞ്ചുലക്ഷം നൽകും

**കൊച്ചി:** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് റബർമാർക്ക് 5,13,323 രൂപ നൽകും. റബർ മാർക്കറ്റിംഗ് ഫെഡറേഷൻ പ്രസിഡന്റ് ടി.എച്ച്.മുസ്തഫ സംഭാവന ചെയ്ത ഒരുമാസത്തെ ഓണറേറിയവും മാനേജിംഗ് ഡയറക്ടർ മുതൽ ശിപായി വരെയുള്ള എല്ലാ ജീവനക്കാരിൽ നിന്നും രണ്ടുദിവസത്തെ വേതനമായ 213323 രൂപയും സ്ഥാപനവിഹിതമായ മൂന്ന് ലക്ഷം രൂപയും ചേർന്നാണ് 5,13,323 രൂപ നൽകുന്നത്.

### അപ്പോളോ ടയേഴ്സ് രണ്ടു കോടി നൽകി

**കൊച്ചി:** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അപ്പോളോ ടയേഴ്സ് രണ്ടു കോടി രൂപ സംഭാവന നൽകി. സിഎംഡി ഒ.എസ്.കൻവാർ മുഖ്യമന്ത്രി പിണറായി വിജയന് ചെക്ക് കൈമാറി. എപിഎംഇഎ പ്രസിഡന്റ് സതീഷ് ശർമ, അപ്പോളോ ടയേഴ്സ് പേരാമ്പ്ര യൂണിറ്റ് ഹെഡ് ജോർജ് ഉമ്മൻ, കളമശേരി യൂണിറ്റ് ഹെഡ് തോമസ് മാത്യു, പേരാമ്പ്ര യൂണിറ്റ് എച്ച്ആർ ഹെഡ് ജി.അനിൽകുമാർ തുടങ്ങിയവർ സന്നിതരായിരുന്നു.

### കെത്രിഎ 'കുട്ടനാടിനൊരു കൈത്താങ്ങ്' രണ്ടാംഘട്ടം സെപ്റ്റംബറിൽ

**തിരുവനന്തപുരം:** പ്രളയ ദുരന്തത്തിൽ അകപ്പെട്ട കുട്ടനാട്ടിലെ ജനങ്ങൾക്ക് കേരള അഡ്വർടൈസിംഗ് ഏജൻസീസ് അസോസിയേഷന്റെ രണ്ടാംഘട്ട ദുരിതാശ്വാസത്തിന്റെ ഭാഗമായുള്ള കിടക്കകളുടെ വിതരണം സെപ്റ്റംബർ അഞ്ചിന് നടത്താൻ ഇന്നു ചേർന്ന കെത്രിഎ സംസ്ഥാന കമ്മിറ്റി അറിയിച്ചു.

സംസ്ഥാന പ്രസിഡന്റ് പി. സുനിൽകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചീഫ് പേട്രൻ ജോസഫ് ചാവറ, ജനറൽ സെക്രട്ടറി രാജു മേനോൻ, പി.ടി. ഏബ്രഹാം, ശാസ്തമംഗലം മോഹൻ, ജോൺസ് വിളപ്പില, ലാൽജി വർഗീസ്, ജയചന്ദ്രൻനായർ, മുഹമ്മദ് ഷാ, ഷിബു കെ. ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.